**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6581** **20-03-2023 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ വകുപ്പ് മുഖേന യുവജനങ്ങൾക്ക് നൽകി വരുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് / യുവാക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നുണ്ട്. കൂടാതെ, കാർഷിക ക്ലബ്ബുകൾ, അവളിടം ക്ലബ്ബുകൾ, ഭിന്നശേഷി ക്ലബ്ബുകൾ എന്നിവയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായും ധനസഹായം നൽകിയിട്ടുണ്ട്. യുവതി ശാക്തീകരണത്തിന്റെ ഭാഗമായി യുവതികളെ സ്വയംപര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 'അവളിടം' എന്ന പേരിൽ 1040 യുവതി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ യുവതികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി കേക്ക് നിർമ്മാണം, ആഭരണ നിർമ്മാണം, തയ്യൽ പരിശീലനം, പേപ്പർബാഗ് നിർമ്മാണം എന്നിവയിൽ പരിശീലന പരിപാടികൾ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ അഭ്യസ്ത വിദ്യരായിട്ടുള്ള യുവതി-യുവാക്കൾക്ക് സർക്കാർ ജോലി നേടുന്നതിനായി ബോർഡിന്റെ നേതൃത്വത്തിൽ ഓൺലൈൻ മത്സര പരീക്ഷാ പരിശീലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ കോളേജുകളിലും പട്ടികജാതി വിദേശത്ത് തൊഴിലും വിദ്യാഭ്യാസവും ആഗ്രഹിക്കുന്നവർക്ക് വിദേശഭാഷാ പഠനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല./ പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ |

| | | | |
|---|---|---|---|
| | | | പരിപാടികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന സംഘടിപ്പിച്ച വരുന്നു. യുവജനങ്ങളുടെ പ്രശ്നങ്ങളും ഇവരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാ തലത്തിൽ അദാലത്തുകൾ / ഹിയറിംഗുകൾ / വിസിറ്റുകൾ എന്നിവ നടത്തി വരുന്നു. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്ക്കരണം നൽകുന്നതിനും മറ്റ് ആദിവാസി കോളനിയിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിനു പുറമേ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു. കമ്മീഷൻ നടത്തുന്ന വിർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ 'ജോബ് ഫെസ്റ്റ്' സംഘടിപ്പിച്ച വരുന്നു . |
| (ബി) | അഭ്യസ്തവിദ്യരായവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗൈഡൻസ് ക്ലാസുകൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | അവളിടം പദ്ധതിയുടെ ഭാഗമായി യുവതികൾക്ക് കേക്ക് നിർമ്മാണം, തയ്യൽ പരിശീലനം, പേപ്പർ ബാഗ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്. |
| (സി) | വിദേശത്ത് തൊഴിലും വിദ്യാഭ്യാസവും ആഗ്രഹിക്കുന്നവർക്ക് വിദേശ ഭാഷാപഠനം ലഭ്യമാക്കുന്നതിന് നിലവിലെന്തെല്ലാം സംവിധാനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; ഇല്ലെങ്കിൽ സംസ്ഥാനത്തുടനീളം അത്തരമൊരു സംവിധാനം ഏർപ്പെടുത്താൻ യുവജനക്ഷേമ വകുപ്പ് നടപടി സ്വീകരിക്കുമോ? | (സി) | വിദേശത്ത് തൊഴിലും വിദ്യാഭ്യാസവും ആഗ്രഹിക്കുന്നവർക്ക് വിദേശഭാഷാ പഠനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ